**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാന്റ് ബാങ്ക് എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കി വിതരണം ചെയ്തുവരുന്നു. റ്റി.ആർ.ഡി.എം മുഖേന നാളിതുവരെയായി 39,169 പേർക്ക് 48,109.44 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അനുബന്ധം 1 -ൽ ചേർക്കുന്നു. |
| (ബി) | ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി നൽകി വരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി വകുപ്പു മുഖേന വ്യക്തിഗത ഫണ്ട് അനുവദിക്കുന്നില്ല. പകരം ലാന്റ് ബാങ്ക് വഴി ഭൂമി കണ്ടെത്തിയാണ് വിതരണം ചെയ്യുന്നത്. |
| (സി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് 7,930 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർക്കുന്നു. പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായി കണ്ടെത്തിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 3-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 2016-17 | 4468 | 17564.65 |
| 2017-18 | 4600 | 17950.51 |
| 2018-19 | 3887 | 15555.15 |
| 2019-20 | 4225 | 14470.31 |
| 2020-21 | 3507 | 14079.28 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 22 |
| 2 | കൊല്ലം | 193 |
| 3 | പത്തനംതിട്ട | 335 |
| 4 | ആലപ്പുഴ | 334 |
| 5 | കോട്ടയം | 288 |
| 6 | ഇടുക്കി | 363 |
| 7 | എറണാകുളം | 306 |
| 8 | തൃശ്ശൂർ | 203 |
| 9 | പാലക്കാട് | 810 |
| 10 | മലപ്പുറം | 747 |
| 11 | കോഴിക്കോട് | 108 |
| 12 | വയനാട് | 3210 |
| 13 | കണ്ണൂർ | 370 |
| 14 | കാസർഗോഡ് | 641 |
| | ആകെ | 7930 |

സെക്ഷൻ ഓഫീസർ

# അനുബന്ധം-3

| ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11798 |
| കൊല്ലം | 9817 |
| പത്തനംതിട്ട | 2718 |
| ആലപ്പുഴ | 4034 |
| കോട്ടയം | 2703 |
| ഇടുക്കി | 8461 |
| എറണാകുളം | 5635 |
| തൃശ്ശൂർ | 10116 |
| പാലക്കാട് | 6482 |
| മലപ്പുറം | 7477 |
| കോഴിക്കോട് | 3197 |
| വയനാട് | 905 |
| കണ്ണൂർ | 1916 |
| കാസർഗോഡ് | 1074 |
| **ആകെ** | **76332** |

സെക്ഷൻ ഓഫീസർ